# Malayala Manorama

# 18 August 2018

# Kochi, Waterlogged Roads, Road Traffic Disrupted,



## പലയിടത്തും ഗതാഗത തടസ്സം

കൊച്ചി • വെള്ളപ്പൊക്കംമൂലംജില്ലയിലെ റോഡ് ഗതാഗതം താറുമാറായി. ദേശീയപാത ഉൾപ്പെടെ പ്രധാന റോഡുകളിൽ ഗതാഗതം തടസ്സപ്പെട്ടിരിക്കുകയാണ്. ദേശീയപാത 544ൽ (കൊച്ചി - സേലം) കളമശേരി ടിവിഎസ് ജംക്ഷൻ മുതൽ ആലുവ വരെ ഗതാഗതം നിർത്തിവച്ചു. അങ്കമാലി ഡോൺ ബോസ്കോ സ്കൂളിനും സമീപവും അത്താണിയിലും ദേശീയപാതയിൽ ഗതാഗതം തടസ്സപ്പെട്ടു.

വല്ലാർപാടം കണ്ടെയ്നർ റോഡിൽ ഏലൂർ പുതിയ റോഡ് ഭാഗത്തു റോഡ് വെള്ളത്തിനടിയിലായി.

എംസി റോഡിൽ അങ്കമാലിക്കു സമീപം വേങ്ങൂർ പാലത്തിലും കാലടിയിലും ഗതാഗതതടസ്സമുണ്ട്.

ദേശീയപാത 85 കൊച്ചി-ധനുഷ്കോടി പാതയിൽ നേര്യമംഗലം- അടിമാലി റോഡിൽ പലയിടത്തും മണ്ണിടിച്ചിൽ മൂലം ഗതാഗതതടസ്സം രൂക്ഷമായി തുടരുകയാണ്.

എൻഎച്ച് 66ൽ പറവൂർ കൊച്ചാൽ വരെ മാത്രമാണു ബസ് സർവീസ് നടക്കുന്നത്. ചെറിയപ്പിള്ളിയിലാണു റോഡ് വെള്ളത്തിനടിയിലായത്. ഇടറോഡുകളിലും വാഹന ഗതാഗതം നടക്കുന്നില്ല.

കളമശേരി പാതാളം ജംക്ഷനിൽനിന്ന് ഏലൂർ വ്യവസായ മേഖലയിലേക്കുള്ള റോഡിലും ഗതാഗതം തടസ്സപ്പെട്ടു.

എൻഎഡി റോഡിൽ വെള്ളം കയറി. പൈപ്പ് ലൈൻ റോഡ് ആലുവ മുതൽ കളമശേരി വരെ വെള്ളത്തിനടിയിലാണ്. തിരുവാങ്കുളം - ചോറ്റാനിക്കര റോഡിലും വാഹനഗതാഗതം നിലച്ചു.

കെഎസ്ആർടിസി ആലപ്പുഴ വഴി തിരുവനന്തപുരം സർവീസ് മുടക്കിയില്ല. ഗതാഗതതടസ്സം മൂലം മറ്റു റൂട്ടുകളിൽ പലയിടത്തും സർവീസ് നടത്താനായില്ല.